# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

ജനുവരി

JANUARY 15 2020



## ശബരിമല പത്രക്കുറിപ്പ്–1

ഫോൺ : 04735–202664

www.sabarimala.kerala.gov.in, prdsabarimala2020@gmail.com

---

### ഇളയരാജയ്ക്ക് മകര സംക്രമ വേളയിൽ ശബരീശ ദർശന സായൂജ്യം

പ്രശസ്ത സംഗീതഞ്ജൻ പത്മവിഭൂഷൺ ഇളയരാജ ശബരിമലയിൽ ദർശനം നടത്തി. ബുധനാഴ്ച പുലർച്ചെ 2.09 ന് നടന്ന മകരസംക്രമ പൂജാ വേളയിലായിരുന്നു ദർശനം.2.30 ന് ഹരിവരാസനം കേട്ട ശേഷമാണ് അദ്ദേഹം ഗസ്റ്റ് ഹൗസിലേക്ക് മടങ്ങിയത്.രാവിലെ ഒൻപത് മണിക്ക് സന്നിധാനം ശാസ്താ മണ്ഡപത്തിൽ നടക്കുന്ന ചടങ്ങിൽ 2020 ലെ ഹരിവരാസന പുരസ്കാരം ദേവസ്വം മന്ത്രി കടകംപള്ളി സുരേന്ദ്രനിൽ നിന്നും അദ്ദേഹം ഏറ്റുവാങ്ങും. മകര സംക്രമ പൂജ തൊഴാൻ ദേവസ്വം പ്രസിഡൻറ് എൻ .വാസു, ബോർഡ് അംഗങ്ങളായ കെ. എസ് രവി, എൻ വിജയകുമാർ, ഉദ്യോഗസ്ഥ പ്രമുഖർ എന്നിവരും ഉണ്ടായിരുന്നു.

**(പി.ആർ. ശബരി–360)**

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി / JANUARY | 15 | 2020 |
|---|---|---|




## ശബരിമല പത്രക്കുറിപ്പ്-2


ഫോൺ : 04735-202664

www.sabarimala.kerala.gov.in, prdsabarimala2020@gmail.com


---

### അയ്യപ്പൻ വിളിച്ചു; ഞാൻ വന്നു: ഇളയരാജ

ഇളയരാജാ..., ഹരിവരാസനം എന്ന പേരിൽ ഒരു അവാർഡുണ്ട്. കേരള സർക്കാരും ദേവസ്വം ബോർഡും ചേർന്നാണ് അത് നൽകുന്നത്. നീ വരണം, അതു വാങ്ങണം... അയ്യപ്പന്റെ ഈ അരുളപ്പാടു കേട്ടാണ് ഞാൻ വന്നത്. ഇളയരാജയുടെ തമിഴ് മൊഴിലുള്ള ഈ ഭാഷണം കേട്ട് സന്നിധാനം ശാസ്താമണ്ഡപത്തിന് മുന്നിൽ തിങ്ങി നിറഞ്ഞ ഭക്തജനങ്ങൾ ശരണ മന്ത്രങ്ങളോടെ ഹർഷാരവം മുഴക്കി. അവാർഡ് സ്വീകരിച്ച ശേഷം പ്രസംഗിക്കുകയായിരുന്നു ഇളയരാജ.

ലോകത്തിൽ ഇത്തരം ഒരു സ്ഥലം വേറെയില്ല. ഭക്തിയും ചൈതന്യവും ഒ ത്തു ചേരുന്ന പുണ്യക്ഷേത്രം. അയ്യപ്പൻ വിളിക്കാതെ ആർക്കും ഇവിടെ എത്താൻ ആകില്ല. ഇവിടേക്കുള്ള എന്റെ ആദ്യ വരവിൽത്തന്നെ ഇരുമുടിക്കെട്ട് ശിരസ്സിൽ വച്ചപ്പോൾ അത് പുണ്യപാപങ്ങളുടെ പ്രത്യക്ഷ പ്രതീകങ്ങളാണെന്ന് ഞാൻ മനസ്സിലാക്കിയിരുന്നു. ഇത്രയും പറഞ്ഞ് അദ്ദേഹം തന്നെ ഈണമിട്ട് ആലപിച്ച രണ്ട് അയ്യപ്പ ഭക്തിഗാനങ്ങളുടെ ഈരടികൾ അയ്യപ്പന് പാടി സമർപ്പിച്ച ശേഷമാണ് ഇളയരാജ തന്റെ പ്രസംഗം ഉപസംഹരിച്ചത്.

സംഗീത ലോകത്തെ വിസ്മയമാണ് ഇളയരാജയെന്നും അദ്ദേഹത്തിന് ഹരിവരാസനം പുരസ്കാരം സമർപ്പിക്കാൻ സാധിച്ചത് വലിയ ഭാഗ്യമായി കരുതുന്നുവെന്നും മന്ത്രി കടകംപള്ളി സുരേന്ദ്രൻ പറഞ്ഞു. സംഗീത്തിലൂടെ മനുഷ്യനെ നന്മയുടെ മാർഗത്തിലേക്ക് നയിക്കാനാവുമെന്ന് തെളിയിച്ച ഇളയരാജയുടെ ഗാനങ്ങൾ ലോകത്തെ അതിരുകളില്ലാതെ നോക്കിക്കാണുന്നതിന് നമ്മെ സഹായിച്ചു. ഒൻപതാമത് വർഷത്തെ ഹരിവരാസന പുരസ്കാരമാണ് മന്ത്രി ഇളയരാജക്ക് സമർപ്പിച്ചത്.

രാജ്യത്ത് പകരം വയ്ക്കാൻ ആളില്ലാത്ത സംഗീതത്തിന്റെ അമക്കാരനാണ് ഇളയരാജ യെന്ന് അധ്യക്ഷ പ്രസംഗത്തിൽ രാജു എബ്രഹാം എം എൽ എ പറഞ്ഞു. ദേവസ്വം വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കെ ആർ ജ്യോതിലാൽ കീർത്തി പത്രം വായിച്ചു. ദേവസ്വം ബോർഡ് പ്രസിഡന്റ് എൻ വാസു, അംഗങ്ങളായ എൻ വിജയകുമാർ, കെ എ സ് രവി, ആന്റോ ആന്റണി എം പി, കെ യു ജനീഷ് കുമാർ എം എൽ എ, ജസ്റ്റിസ് അ രിജിത് പസായത്ത്, ദേവസ്വം ഓംബുഡ്സ്മാൻ ജസ്റ്റിസ് പി ആർ രാമൻ, സ്പെഷ്യൽ കമ്മീഷണർ എം മനോജ്, ദേവസ്വം ബോർഡ് കമ്മീഷണർ ബി എസ് തിരുമേനി, ജസ്റ്റി സ് രവികുമാർ, ഐ ജി : എസ് ശ്രീജിത്ത്, ജില്ലാ കലക്ടർ പി ബി നൂഹ്, ശബരിമല എ ഡി എം – എൻ എസ് കെ ഉമേഷ്, ദേവസ്വം സെക്രട്ടറി ഗായത്രീ ദേവി തുടങ്ങിയ വർ പ്രസംഗിച്ചു.

**(പി.ആർ. ശബരി–361)**

## ശബരിമലയിൽ 58 കോടിയുടെ വികസനപ്രവർത്തനങ്ങൾ ഉടൻ: മന്ത്രി കടകംപള്ളി സുരേന്ദ്രൻ

ശബരിമലയിൽ 58 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ ഉടൻ നടപ്പാക്കുമെന്ന് മന്ത്രി കടകംപള്ളി സുരേന്ദ്രൻ പറഞ്ഞു. ദേവസ്വം ഗസ്റ്റ്ഹൗസിൽ ചേർന്ന വാർത്താസ മ്മേളനത്തിലാണ് മന്ത്രി ഇക്കാര്യം അറിയിച്ചത്. സന്നിധാനത്ത് നടപ്പാക്കേണ്ട നിർമാണ പ്രവൃത്തികളെ സംബന്ധിച്ച് കൃത്യമായ രൂപരേഖയുണ്ട്. വനംവകുപ്പിന്റെ ഇടപെടൽ ആ വശ്യമില്ലാത്തതും പാരിസ്ഥിതിക പ്രശ്നങ്ങൾ ഇല്ലാത്തതുമായ പദ്ധതികളാണ് ഇവ. ടെണ്ടർ നടപടികൾ ഉടൻ ആരംഭിക്കും. റോപ് വേ നിർമാണത്തിനുള്ള തടസ്സങ്ങൾ ഉടൻ മാറിക്കിട്ടുമെന്നാണ് പ്രതീക്ഷ. സംസ്ഥാന സർക്കാരും ബന്ധപ്പെട്ട ഏജൻസിയും ഇതി നായി കേന്ദ്രഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുന്നുണ്ട്.

ഭക്തജന ബാഹുല്യം വർധിച്ചതെങ്കിലും സമാധാനത്തോടൊയും ശാന്തിയോടെയും ദർശനം നടത്താൻ ഈ സീസണിലെത്തിയ ഭക്തജനങ്ങൾക്ക് സാധിച്ചു. പ്ലാസ്റ്റിക് വിമു ക്ത ശബരിമലയെന്ന ലക്ഷ്യത്തിലേക്ക് എത്തുന്നതിന് ഒരു ചുവട്കൂടി മുന്നോട്ട് വെയ് ക്കുവാൻ ഇത്തവണ സാധിച്ചു. കേരളത്തിലും ഇതരസംസ്ഥാനങ്ങലളിലുമുള്ള ഗുരസ്വാ മിമാരിൽ നിന്നും പ്ലാസ്റ്റിക് നിരോധനത്തിനായി നിർലോപമായ പിന്തുണയാണ് ലഭിച്ചു കൊണ്ടിരിക്കുന്നത്. ഇരുമുടിക്കെട്ടുകളിൽ പ്ലാസ്റ്റിക്കിന്റെ ഉപയോഗം ഗണ്യമായി കുറ ഞ്ഞിട്ടുണ്ട്. അടുത്ത മണ്ഡലം–മകരവിളക്ക് മഹോൽസവത്തിനുള്ള തയ്യാറെടുപ്പുകൾ നേരത്തെ ആരംഭിക്കുമെന്നും മന്ത്രി പറഞ്ഞു.
ദേവസ്വം ബോർഡ് പ്രസിഡന്റ് എൻ വാസു, അംഗങ്ങളായ എൻ വിജയകുമാർ, കെ എ സ് രവി, ദേവസ്വം സെക്രട്ടറി ഗായത്രീദേവി തുടങ്ങിയവർ പങ്കെടുത്തു.

**(പി.ആർ. ശബരി–362)**

## ശബരിമല നടവരവ് 234 കോടി

മണ്ഡല–മകരവിളക്ക് മഹോൽസവകാലത്തെ, ജനുവരി 14വരെയുള്ള നടവരവ് 233,41,72,282 രൂപയാണെന്ന് ദേവസ്വം ബോർഡ് പ്രസിഡന്റ് എൻ വാസു അറിയിച്ചു. മ ണ്ഡലകാലത്ത് 163,67,68,468 രൂപയും മകരവിളക്ക് കാലത്ത് ഇതുവരെ 69,74,03,814 രൂപ യുമാണ് വരവ്. ഏകദേശം എട്ടുകോടി രൂപയുടെ നാണയങ്ങൾ എണ്ണിത്തിട്ടപ്പെടുത്താ നുണ്ടെന്നും അദ്ദേഹം അറിയിച്ചു.

**(പി.ആർ. ശബരി–363)**

## വിശുദ്ധി സേനയുടേത് മഹോന്നതമായ പുണ്യ പ്രവർത്തനം: മന്ത്രി കടകംപള്ളി സുരേന്ദ്രൻ

അയ്യപ്പ പൂങ്കാവനം വൃത്തിയാക്കി അതിന്റെ പരിപാവനത നിലനിർത്തുന്നതിൽ വിശുദ്ധി സേന നടത്തുന്ന പ്രവത്തനങ്ങൾ മഹോന്നതമെന്ന് മന്ത്രി കടകംപള്ളി സുരേന്ദ്രൻ പറഞ്ഞു. ശബരിമലയിൽ വിശുദ്ധി സേനാംഗങ്ങായി 25വർഷം പൂർത്തിയാക്കിയ 26 സേനാംഗങ്ങളെ ആദരിച്ചുകൊണ്ട് പ്രസംഗിക്കുകയായിരുന്നു മന്ത്രി.

ശബരിമലയിലുടെ വിശുദ്ധി സേനയിൽ ഇത്തവണ 900 അംഗങ്ങളാണുള്ളത്. തമിഴ്നാട് സേലം, തേനി സ്വദേശികളാണ് ഇവരിലേറെയും.
ചടങ്ങിൽ ജില്ലാ കലക്ടർ പി ബി നൂഹ് അധ്യക്ഷത വഹിച്ചു. ദേവസ്വം പ്രസിഡന്റ് എൻ വാസു, മെമ്പർമാരായ കെ എസ് രവി, എൻ വിജയകുമാർ, ദേവസ്വം പ്രിൻസിപ്പൽ സെക്രട്ടറി കെ ആർ ജ്യോതിലാൽ, ദേവസ്വം കമ്മീഷണർ ബി എസ് തിരുമേനി, സ്പെഷ്യൽ കമ്മീഷണർ എം മനോജ്, തിരുവല്ല സബ് കളക്ടർ വിനയ് ഗോയൽ, ശബരിമല എഡിഎം: എൻ എസ് കെ ഉമേഷ്, സന്നിധാനം ഡ്യൂട്ടി മജിസ്ട്രേറ്റ് വി .ജയമോഹൻ, ബാങ്ക് ഓഫ് ബറോഡ പത്തനംതിട്ട മാനേജർ സന്തോഷ് കെ. നായർ, വിശുദ്ധി സേനാ ലീഡർ രാമലിംഗം എന്നിവർ പ്രസംഗിച്ചു.

**(പി.ആർ. ശബരി–364)**

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി / JANUARY | 15 | 2020 |
|---|---|---|



## ശബരിമല പത്രക്കുറിപ്പ്-3

ഫോൺ : 04735-202664
www.sabarimala.kerala.gov.in, prdsabarimala2020@gmail.com

---

# മകരവിളക്ക് തൊഴുതു: ഭക്തജനലക്ഷങ്ങൾക്ക് ദർശന സായൂജ്യം

മകരസംക്രമ സന്ധ്യയിൽ തിരുവാഭരണ വിഭൂഷിതനായ ശ്രീധർമ്മശാസ്താവിനെ മനംനിറയെ ദർശിച്ചു; പൊന്നമ്പലമേട്ടിൽ മൂന്ന് പ്രാവശ്യം പ്രത്യക്ഷമായ മകരവിളക്ക് നിറഭക്തിയോടെ തൊഴുതു; ശബരിമലയിൽ ഭക്തജന ലക്ഷങ്ങൾക്ക് ദർശന സായൂജ്യം !

പന്തളം വലിയകോയിക്കൽ കൊട്ടാരത്തിൽനിന്നും രണ്ടുദിവസം മുമ്പ് പുറപ്പെട്ട്; വിവിധ സ്ഥലങ്ങളിൽ സ്വീകരണങ്ങൾ ഏറ്റുവാങ്ങി, വൈകുന്നേരം അഞ്ചര മണിയോടെ ശരംകുത്തിയിലെത്തിയ തിരുവാഭരണ ഘോഷയാത്രയെ ശബരിമല എക്സിക്യൂട്ടീവ് ഓഫീസർ വി എസ് രാജേന്ദ്രപ്രസാദിന്റെ നേതൃത്വത്തിലുള്ള ഉദ്യോഗസ്ഥ സംഘവും അയ്യപ്പ സേവാസംഘവും ചേർന്ന് ആചാരപൂർവ്വം പതിനെട്ടാംപടിയുടെ താഴേയ്ക്ക് സ്വീകരിച്ചാനയിച്ചു. തുടർന്ന്, ഘോഷയാത്രയിലെ തിരുവാഭരണപ്പെട്ടി പതിനെട്ടാംപടിയ്ക്ക് മുകളിലേയ്ക്കും നാളെ(ജനുവരി 16) മുതൽ നടക്കുന്ന പ്രധാന ചടങ്ങുകൾക്ക് ഉപയോഗിക്കാനുള്ള പൂജാപാത്രങ്ങളടങ്ങിയ കലശക്കുടപ്പെട്ടിയും മാളികപ്പുറത്തുനിന്ന് ഇന്ന്(ജനുവരി 15) രാത്രി മുതൽ നടക്കുന്ന എഴുന്നള്ളത്തിനുള്ള കൊടിക്കൂറ, നെറ്റിപ്പട്ടം, എന്നിവയടങ്ങിയ കൊടിപ്പെട്ടിയും മാളികപ്പുറത്തേയ്ക്കും സ്വീകരിച്ചാനയിച്ചു.

പതിനെട്ടാംപടിയ്ക്കലെത്തിയ തിരുവാഭരണ പേടകത്തെ ദേവസ്വം മന്ത്രി കടകംപള്ളി

സുരേന്ദ്രൻ, ദേവസ്വം ബോർഡ് പ്രസിഡന്റ് എൻ വാസു, അംഗങ്ങളായ എൻ വിജയകുമാർ, കെ എസ് രവി, കെ യു ജനീഷ് കുമാർ എം എൽ എ, ദേവസ്വം വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കെ ആർ ജ്യോതിലാൽ, ജസ്റ്റിസ് അരിജിത് പസായത്ത്, ജില്ലാ കലക്ടർ പി ബി നൂഹ്, ഐ.ജി എസ് ശ്രീജിത്ത്, ശബരിമല എ.ഡി.എം – എൻ എസ് കെ ഉമേഷ്, മറ്റ് ഉദ്യോഗസ്ഥ പ്രമുഖർ എന്നിവർ ചേർന്ന് ആചാരപൂർവ്വം സ്വീകരിച്ച് ശ്രീ കോവിലിലേയ്ക്ക് ആനയിച്ചു. ശ്രീകോവിലിൽ തന്ത്രി കണ്ഠരര് മഹേഷ് മോഹനരും മേൽശാന്തി അരീക്കര സുധീർ നമ്പൂതിരിയും ചേർന്ന് സ്വീകരിച്ചശേഷം തിരുവാഭരണങ്ങൾ അയ്യപ്പന് ചാർത്തി. തുടർന്ന്, മഹാദീപാരാധന കഴിഞ്ഞയുടൻ പൊന്നമ്പമേട്ടിൽ മകരവിളക്ക് മൂന്ന് പ്രാവശ്യം പ്രത്യക്ഷമായി. അക്ഷരാർഥത്തിൽ ജനസമുദ്രമായിത്തീർന്ന ശബരിമല ശരണമന്ത്രങ്ങളാൽ മുഖരിതമായി.

**(പി.ആർ. ശബരി–365)**

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.